**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2966** **03-08-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം അടച്ചിട്ട് എത്ര കാലമായി എന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ക്രമീകരിച്ചുവരുന്നു. കോവിഡ്-19 വ്യാപനത്തിന്റെ ഭാഗമായി 12.03.2020 മുതൽ പലപ്പോഴായി സ്റ്റേഡിയം അടച്ചിട്ടിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ നിലവിൽ 27.04.2021 മുതൽ സ്റ്റേഡിയം അടച്ചിട്ടിരിക്കുകയാണ്. |
| (ബി) | കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഷട്ടിൽ ബാഡ്മിന്റൻ കളിക്കാൻ സൗകര്യം നിഷേധിച്ച് കോർട്ടുകൾ അടച്ചിടാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | സ്റ്റേഡിയത്തിലെ വുഡൻ സ്പോർട്സ് ഫ്ളോറിംഗ് ദൈനംദിന ഉപയോഗത്താൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതിനാൽ സ്റ്റേഡിയത്തിന്റെ അറ്റകുറ്റപ്പണിക്കൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹാരിസൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ടി പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിഡ് 19ന്റെ നിയന്ത്രണവുമായി ബന്ധപ്പെട്ട, പ്രസ്തുത സ്റ്റേഡിയം മാസ് വാക്സിനേഷൻ കേന്ദ്രമായി ഏറ്റെടുത്ത സാഹചര്യത്തിലും, കോവിഡ് 19ന്റെ രണ്ടാം തരംഗം മൂലമുള്ള നിയന്ത്രണങ്ങൾ കാരണവും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് കരാറുകാർക്ക് സമയം ദീർഘിപ്പിച്ചു നൽകുകയും പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിശീലനത്തിനായി സ്റ്റേഡിയം തുറന്ന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) | നിർമ്മാണ പ്രവർത്തനം നീട്ടിക്കൊണ്ടു പോകുകയും അതിന്റെ പേരിൽ പ്രസ്തുത സ്റ്റേഡിയം | (സി) | സ്റ്റേഡിയത്തിലെ വുഡൻ സ്പോർട്സ് ഫ്ളോറിംഗ് ദൈനംദിന ഉപയോഗത്താൽ കേടുപാടുകൾ |

| | | | |
|---|---|---|---|
| | അനിശ്ചിതമായി അടച്ചിടുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | സംഭവിച്ചിട്ടുള്ളതിനാൽ സ്റ്റേഡിയത്തിന്റെ അറ്റകുറ്റപ്പണിക്കൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹാരിസൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ടി പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിഡ് 19ന്റെ നിയന്ത്രണവുമായി ബന്ധപ്പെട്ട, പ്രസ്തുത സ്റ്റേഡിയം മാസ് വാക്സിനേഷൻ കേന്ദ്രമായി ഏറ്റെടുത്ത സാഹചര്യത്തിലും, കോവിഡ് 19ന്റെ രണ്ടാം തരംഗം മൂലമുള്ള നിയന്ത്രണങ്ങൾ കാരണവും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് കരാറുകാർക്ക് സമയം ദീർഘിപ്പിച്ച് നൽകുകയും പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിശീലനത്തിനായി സ്റ്റേഡിയം തുറന്ന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ഡി) | സ്റ്റേഡിയത്തിന്റെ നിലവിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ചുവടെ പറയുന്നവരാണ്. 1) ഡയറക്ടർ, കായികയുവജനകാര്യാലയം – ചെയർമാൻ 2) അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ് 3) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി 4) സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ. |
| (ഇ) | സ്പോർട്സുമായി ബന്ധമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി നിലവിലുള്ള കമ്മിറ്റി പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | ഇതര ആവശ്യങ്ങൾക്ക് കാർ പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങൾ ലഭ്യമാണെന്നിരിക്കെ, സ്റ്റേഡിയം സ്പോർട്സിതര ആവശ്യങ്ങൾക്ക് നൽകാതെ ഇവിടെ സ്പോർട്സ് പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എഫ്) | സർക്കാർ അംഗീകൃത മാനദണ്ഡപ്രകാരമാണ് കായികേതര ആവശ്യങ്ങൾക്ക് സ്റ്റേഡിയം അനുവദിച്ച് വരുന്നത്. |
| (ജി) | സ്റ്റേഡിയം ഇതര ആവശ്യങ്ങൾക്ക് നൽകുന്നതു മൂലം കേടുപാടുകൾ സംഭവിക്കുന്നതിനാൽ സ്പോർട്സ് ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ജി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ